# ഇക്കിളി വാർത്തകളിൽ രമിക്കുന്ന മലയാള പത്രങ്ങൾ

സമീപകാലത്ത് മലയാളത്തിലെ പത്രങ്ങൾ ഏറ്റവും പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന വാർത്തയാണ് ക്ലിന്റൺ – മോണിക്കാ ലൈംഗിക വിവാദം. വൈറ്റ് ഹൗസിൽ എന്നോ നടന്ന (ഇപ്പോഴും നടക്കുന്നുണ്ടാകും) മൂന്നാംകിട കാമകേളികളുടെ ചൂടുള്ള വാർത്തകൾ പൊടിപ്പും തൊങ്ങലും വച്ച് മുൻപേജിൽ തന്നെ വലിയ തലക്കെട്ടോടെ കൊടുക്കാൻ കേരളത്തിലെ പത്രങ്ങൾ പരസ്പരം മത്സരിക്കുകയാണ്. മലയാളത്തിലെ പ്രമുഖമായ ഒരു പത്രവും ഒരു ആഴ്ചപ്പതിപ്പും കെന്നത്ത് സ്റ്റാർ എന്ന സ്വതന്ത്ര അഭിഭാഷകന്റെ മുമ്പിൽ മോണിക്കാ ലെവൻസ്കി പരസ്യപ്പെടുത്തിയ ക്ലിന്റൺ വേഴ്ചകളുടെ പച്ചയായ വിവരണത്തിന്റെ ഒരു ഭാഗം പ്രസിദ്ധീകരിക്കുക പോലുമുണ്ടായി. നീലമാസികകളിൽ മാത്രം വായിക്കാൻ കഴിയുന്ന കൊള്ളരുതാത്ത ഒരു പ്രകടനം മുഖ്യധാര പ്രസിദ്ധീകരണങ്ങളിൽ (ഇന്റർനെറ്റിൽ വന്ന മുഴുനീള റിപ്പോർട്ട് സാധാരണക്കാരായ ജനങ്ങൾക്കു കൂടി പ്രാപ്യമാക്കി സോഷ്യലിസം നടപ്പിലാക്കാൻ ശ്രമിച്ചതാവാം – പത്രപ്രവർത്തനം ജനസേവനമാണെന്നല്ലേ വെപ്പ്!)

ക്ലിന്റൺ – ലെവൻസ്കി സംഭവത്തിനു മുമ്പ് ഇംഗ്ലീഷ് രാജകുടുംബത്തിലെ അവിഹിത ബന്ധങ്ങൾക്ക് പിന്നാലെയായിരുന്നു ഇവരെല്ലാം. അല്ലെങ്കിൽ മുൻപേജ് കവരാനുള്ള എന്തു പ്രാധാന്യവും മഹത്വവുമാണ് ചാൾസിനും ഡയാനയ്ക്കും ഉണ്ടായിരുന്നത്?

വായനക്കാരിൽ ഇക്കിളിയുണ്ടാക്കി സർക്കുലേഷൻ വർധിപ്പിക്കാനുള്ള കച്ചവടതന്ത്രം മാത്രമാണിത്. വായനക്കാർ അതിൽ കുടുങ്ങിപ്പോകുന്നു. ഇത്തരം വാർത്തകൾ അമിത പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുമ്പോൾ സമൂഹബന്ധങ്ങളിൽ (പ്രത്യേകിച്ച് കുട്ടികളിൽ) ഉണ്ടാകുന്ന തെറ്റായ ധാരണകളെക്കുറിച്ച് ഇവർക്കാർക്കും തന്നെ വേവലാതിയില്ല. സാമൂഹ്യപ്രശ്നങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയെന്ന പത്രധർമ്മത്തിന്റെ അടിസ്ഥാനം ആധുനിക കച്ചവടലോകത്ത് കാലാഹരണപ്പെട്ടുവെന്ന് മുഖ്യധാരാപത്രങ്ങൾ കരുതുന്നതുകൊണ്ടാകാം ഇത്. അല്ലെങ്കിൽ, ജില്ലാ എഡിഷനുകളുടെ വ്യാപനത്തോടെ സംസ്ഥാനത്തെ പ്രധാനപ്പെട്ടൊരു സാമൂഹ്യപ്രശ്നം പ്രാദേശിക എഡിഷനിൽ മാത്രമെഴുതുമ്പോൾ പാശ്ചാത്യലോകത്തെ ആർത്തിപിടിച്ച കാമക്കഥകൾ സർവ്വവ്യാപിയായി മാറുകയില്ലല്ലോ.

പത്രങ്ങൾ പ്രശ്നങ്ങളെ ഏതു രീതിയിലാണ് സമീപിക്കേണ്ടത്? ഇന്ത്യൻ പത്രങ്ങൾ ഈ വാർത്തയിൽ പ്രാധാന്യം കൊടുത്തത് എന്തിനാണ്? നീലച്ചിത്രങ്ങൾ ചെയ്യുന്നപോലെ ജനമനസിനെ ഇക്കിളിപ്പെടുത്തുക എന്നതായിരുന്നു പത്രക്കാരുടെ ഉന്നം. അമേരിക്കൻ ജനതയ്ക്ക് തികച്ചും വ്യത്യസ്തമായ ഒരു സമീപനം ഈ വിഷയത്തിനുണ്ടായിരുന്നു. ജനങ്ങളോടു കടപ്പെട്ട തങ്ങളെ ഭരിക്കേണ്ട ഒരാൾ നുണ പറഞ്ഞു – അതാണ് അവർ പ്രശ്നമായി കാണുന്നത്. ഇതെന്തുകൊണ്ട് നമ്മുടെ പത്രങ്ങൾ കാണാതെ പോയി? നമ്മളെല്ലാം ഇത്തരം ഇക്കിളിപ്പെടുത്തലുകൾക്ക് കണ്ണും കാതും കൂർപ്പിച്ചിരിക്കുന്നവരാണെന്നോ ഈ പത്രക്കാരുടെ വിചാരം?

സത്യത്തിൽ വിദേശങ്ങളിലെ ടാബ്ലോയിഡ് പത്രങ്ങളെപ്പോലെ തരംതാഴുകയാണ് മഹത്തായ പാരമ്പര്യമുണ്ടെന്ന് അവകാശപ്പെടുന്ന നമ്മുടെ മാധ്യമങ്ങളും.

---

# കഴിഞ്ഞമാസത്തെ സംസാരവിഷയം

(കഴിഞ്ഞമാസത്തിൽ കേരളീയരും കേരളീയത്തിലെ വാർത്താമാധ്യമങ്ങളും ഏതെല്ലാം വിഷയങ്ങളെക്കുറിച്ചാണ് ഏറ്റവുമധികം സംസാരിച്ചത്? ഇതാ രസകരമായ ഒരു പുതിയ പംക്തി. സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 15 വരെയുള്ള ഒരു മാസക്കാലത്തെ ആധാരമാക്കിയാണ് ഇത്തവണത്തെ സംസാരവിഷയങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത്. വായനക്കാർക്കും ഈ പംക്തിയിലേക്കെഴുതാം. ഒക്ടോബർ 15 മുതൽ നവംബർ 15 വരെയുള്ള ഒരു മാസക്കാലത്തെ ആധാരമാക്കി പത്തു സംസാരവിഷയങ്ങൾ തെരഞ്ഞെടുത്തയയ്ക്കുക. നവംബർ 20-ാം തീയതിക്കകം അയച്ചിരിക്കണം. 'കേരളീയ'ത്തിന്റെ വാർത്താവിശകലന വിഭാഗം തയ്യാറാക്കുന്ന പാനലുമായി ഒത്തുവരുന്ന സംസാര വിഷയങ്ങൾ തെരഞ്ഞെടുത്തയക്കുന്നവർക്ക് സമ്മാനം നല്കുന്നതാണ്).

1. മണ്ണെണ്ണ പെർമിറ്റ്
2. പയ്യാവൂർ നിരാഹാരം
3. മണ്ഡരി കീടബാധ
4. ഇരട്ട ക്ലൈമാക്സ് (ഹരികൃഷ്ണൻസ്)
5. മന്ത്രി പി.ആർ.കുറുപ്പ്
6. മഴ പെരുംമഴ
7. ഹെപ്പറ്റൈറ്റിസ് – ബി.
8. സവാള വില
9. പോലീസ് രാഷ്ട്രീയം (കൂത്തുപറമ്പ്)
10. നാല് കന്യാസ്ത്രീകൾ.